# ദളങ്ങളിൽ തെളിയുന്നത്....



LK

## ഉള്ളടക്കം

ആമുഖം........................................9
പാഠ്യേതര പ്രവർത്തനങ്ങൾ........................................15
സ്കൂളിലെ വിവിധ ദിനാചരണങ്ങൾ........................................17
കുരുന്നുകളുടെ കുസൃതികൾ........................................25
കാറ്റിന്റെ സങ്കട വാക്കുകള്........................................27
പുഴയഴക്........................................31
എക്റ്........................................33
ജീവിതമെന്ന ദുഃസ്വപ്നം!........................................39
കൈ(വേലി)യേറ്റം........................................50
सागर........................................51
മടക്കം........................................53
ഭാരമായൊരാ ജീവിതം പേറി........................................57
ಬಂಕೆಯಲ್ಲಿ ಅರಳಿದ ಹೂವು........................................62
പ്രളയം ഭൂമിയില് കണ്ടെത്തല്........................................65
അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും........................................68
ശാസ്ത്രത്തിന്റെ മുന്നേറ്റം........................................72
ഇല വന്ന് മണ്ണിനെ തൊടുമ്പോൾ........................................74

# *വിലാസം*

**ജിഎച്ച്എസ്എസ് കുണ്ടംകുഴി,**

**കുണ്ടംകുഴി (പി.ഒ), ചെങ്കള (വഴി)**

**കാസർഗോഡ്**

**ഫോൺ നമ്പർ** :04994-210456

Email Id: 11054kundamkuzhy@gmail.com

# ആശംസ



## ശ്രീ.പി.ഹാഷിം

(ഹെഡ്മാസ്റ്റർ-ഇൻചാർജ്)

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ ഐ ടി സാങ്കേതികവിദ്യയിൽ മികവുറ്റ വരാക്കുന്നതിനായി ഗവൺമെൻറ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്. നമ്മുടെ വിദ്യാലയത്തിലെ ക്ലബ്ബ് അംഗങ്ങൾ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നിറവേറ്റി വരുന്നു.മികവാർന്ന ആസൂത്രണത്തിലൂടെ ഡിജിറ്റൽ സാങ്കേതിക വിദ്യയും സർഗ്ഗാത്മകതയും സമന്വയിപ്പിച്ച് കൊണ്ട് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിൻറെ 2019-20 വാർഷിക പ്രവർത്തനത്തിന് ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# ആശംസ



## ശ്രീ.സുരേഷ് പായം

(പ്രസിഡന്റ്, പി.ടി.എ)

**കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ ഐ ടി സാങ്കേതികവിദ്യയിൽ മികവുറ്റ വരാക്കുന്നതിനായി ഗവൺമെൻറ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്. നമ്മുടെ വിദ്യാലയത്തിലെ ക്ലബ്ബ് അംഗങ്ങൾ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നിറവേറ്റി വരുന്നു.മികവാർന്ന ആസൂത്രണത്തിലൂടെ ഡിജിറ്റൽ സാങ്കേതിക വിദ്യയും സർഗ്ഗാത്മകതയും സമന്വയിപ്പിച്ച് കൊണ്ട് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിൻറെ 2019 20 വാർഷിക പ്രവർത്തനത്തിന് ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് രക്ഷാകർതൃ സമിതിയുടെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

# സമർപ്പണം



**അകാലത്തിൽ പൊലിഞ്ഞുപോയ പ്രിയ കൂട്ടുകാരി ആദിത്യക്ക്**

# <u>പത്രാധിപസമിതി</u>

ചീഫ് എഡിറ്റർ :(ഹാഷിം ഹെഡ്മാസ്റ്റർ)
എഡിറ്റർ :ശ്രീപ്രിയ സി.കെ (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)
സ്റ്റുഡന്റ് എഡിറ്റർ :ശിവരാജ്.ഇ

**<u>അംഗങ്ങൾ</u>**

അശോകൻ.കെ (സീനിയർ അസിസ്റ്റന്റ്)
സൗമ്യ.എസ് (കൈറ്റ് മിസ്ട്രസ്)
പ്രശാന്ത്.സി(എസ്.ഐ.ടി.സി)
പി.കെ.ജയരാജൻ(മലയാള വിഭാഗം)
ശാന്തകുമാരി.കെ(ഇംഗ്ലീഷ് വിഭാഗം)
ബിന കുമാരി.കെ (ഹിന്ദി വിഭാഗം)
ഗായത്രി.കെ (കന്നട വിഭാഗം)
വിധുൻ രാജ്.ടി (ലിറ്റിൽ കൈറ്റ്സ് ലീഡർ)
പ്രവീൺ രാജ്.എ.കെ
അഭിജിത്ത്
അതുല്യ.സി
ഉണ്ണിമായ
ആകാശ്.സി


## ആമുഖം

മികവാർന്ന ആസൂത്രണത്തിലൂടെ ഡിജിറ്റൽ സാങ്കേതിക വിദ്യയും സർഗ്ഗാത്മകതയെയും സമന്വയിപ്പിച്ചുകൊണ്ട് സ്കൂളിലെ ഐ ടി ക്ലബ്ബ് 2019-20 വാർഷിക പ്രവർത്തനത്തിന്റെ ഭാഗമായാണ് ദളങ്ങളിൽ തെളിയുന്നത് എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധപ്പെടുത്തുന്നത്. നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെയും അധ്യാപകരുടെയും രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ മാഗസിൻ 'ഇ-വായന ' യെ പരിപോഷിപ്പിക്കുമെന്നതിൽ  തർക്കമില്ല.

# സ്കൂൾ ചരിത്രം

കുണ്ടംകുഴി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ.1955 ൽ ആരംഭിച്ച ഏകാധ്യാപക വിദ്യാലയമാണ്. 1977 ൽ ഹൈസ്കൂളായി ഉയർത്തുകയും1997 ൽഹയർ സെക്കണ്ടറി വിഭാഗം ആരംഭിക്കുകയും ചെയ്തു. ബേഡഡുക്ക ഗ്രാമപഞ്ചായത്തിൻറെ സാംസ്കാരിക ഹൃദയം എന്ന വിശേഷിപ്പിക്കാവുന്ന ജി.എച്ച്.എസ്.എസ് കുണ്ടംകുഴി സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ 85 ലധികം അധ്യാപകരും 2500 ഓളം വിദ്യാർഥികളെയും ഉൾക്കൊള്ളുന്ന

ഏകദേശം 16 ഏക്കറോളം വിസ്തൃതിയുള്ള സ്കൂൾപരിസരത്ത് വിസ്തൃതമായ കളിസ്ഥലവും, മെച്ചപ്പെട്ട ലൈബ്രറി, ലാബോറട്ടറി, കംപ്യൂട്ടർലാബ് എന്നിവയുമാണ്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.



## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്.
- റെഡ്ക്രോസ്
- സ്റ്റുഡന്റ് പോലീസ് കേഡറ്റ്
- വിഷയാധിഷ്ഠിത ക്ലബ്ബുകൾ
- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.

# സ്കൂളിലെ വിവിധ ദിനാചരണങ്ങൾ

## പ്രവേശനോൽസവം






## സ്കൂൾ ഗേറ്റ് ഉദ്ഘാടനം





# പരിസ്ഥിതി ദിനാചരണം



# വായനാവാരാചാരണ ഉദ്ഘാടനം






# സ്കൂൾ ലൈബ്രറി നവീകരണോദ്ഘാടനം





# ഓണാഘോഷ പരിപാടികൾ





# കൃഷിപാഠം





# സ്കൂൾ ഭൗതീക സാഹചര്യങ്ങൾ









# കുരുന്നുകളുടെ  കുസൃതികൾ

കളിച്ചു രസിക്കും കുട്ടികൾ
മഴവന്നാൽ തണുപ്പിൽ
കുളിരുകോരും കുട്ടികൾ
മഴവില്ലിനെ കാണുമ്പോൾ
എത്തിനോക്കും കുട്ടികൾ

കുളത്തിൽ വെള്ളം
നിറഞ്ഞാൽ നീന്തിത്തുടിക്കും
കുരുന്നുകിടാങ്ങൾ
ആരുമറിയാതെ വെക്കം വെക്കം
മരച്ചോട്ടിലോക്ക് പോകും ....,
സ്കൂളിൽ പോകും കുട്ടികൾ
അറിവും വിവേകവും നേടിവരും കുട്ടികൾ

ഒരു കൂട്ടം കുട്ടികൾ മഴയത്ത്

കളിച്ചുരസിക്കും

കുരുന്നുകളില്ലാത്ത പള്ളിക്കൂടം

അസാധ്യകരമാണ്.........

* * * * * * * * * *

## കാറ്റിന്റെ സങ്കട വാക്കുകള്

ഒരിടത്തൊരു വിക്രുതിയായ കുട്ടിയുണ്ടായിരുന്നു.ആ കുട്ടിയാണെങ്കിൽ ആരു പറയുന്നതെന്നും അനുസരിക്കാറില്ല.ആ കുട്ടി കയ്യിൽ- കിട്ടിയതെല്ലാം നശിപ്പിക്കും.പ്രക്രുതിയിലുള്ള ഒന്നിനെയും അവന് ഇഷ്ടമല്ല.മരവും,പുഴയും,മ്രുഗങ്ങളും,പക്ഷികളും ഒന്നിനെയും ഇഷ്ടമല്ല.

പക്ഷെ കാറ്റിനോട് മാത്രം ആ കുട്ടിക്ക് വളരെ ഇഷ്ടമാണ്.കാറ്റു വീശുമ്പോൾ തന്നോട് സംസാരിക്കുന്നത് പോലെ അവന് തോന്നുന്നു.

അങ്ങനെ മിണ്ടിയും പറഞ്ഞും കാറ്റും അവനും നല്ല പരിചയക്കാറായി.

അവൻ കാറ്റ് വീശുമ്പോഴൊക്കെ കാറ്റിനോട് സംസാരിക്കാറുണ്ട്.

രണ്ടാൾക്കും തമ്മിൽ നല്ല സ്നേഹമാണ്.കാറ്റിന്റെ സങ്കടങ്ങളും-

സന്തോഷങ്ങളും അവനോട് പറയാറുണ്ട്.അങ്ങനെ ഒരു ദിവസം-

കാറ്റ് അവനോട് സംസാരിക്കാനായി വന്നു.അവൻ ക്ഷീണിതനായി-
വിയർത്തൊലിച്ച് നിൽക്കുകയാണ്.കാറ്റ് അവനെ വന്ന് തലോടി.
കാറ്റിന്റെ സാന്ത്വനത്തിൽ അവന് ഉണർവായി.കാറ്റ് അവനോട്
പറയുകയാണ്,

"എന്നെ ആർക്കും ഇഷ്ടമല്ല എല്ലാവരും എന്നെ അവരുടെ അടുത്തെത്തുമ്പോഴൊക്കെ അവരുടെ സാധനങ്ങളൊക്കെ നശിപ്പിക്കുകയാണെന്ന് പറഞ്ഞ് എന്നെ ആട്ടി-
യോടിക്കുന്നതു പോലെ എനിക്ക് പലപ്പോഴും തോന്നാറുണ്ട്"
ഞാൻ "എന്തിനാണ് ജീവിക്കുന്നത്"
എന്നെ ഈ ലോകത്ത് ഇഷ്ടപ്പെടുന്നത് നീ മാത്രമാണ്.
എനിക്ക് ഇനി ജീവിക്കണ്ട ,
എന്നൊക്കെ അവന്റെ വേവ
-ലാതികൾ കുട്ടിയോട് പറയു
-കയാണ്.കുട്ടിക്ക് നല്ല വിഷ
-മമായി.അവൻ കാറ്റിനെ
സമാധാനിപ്പിച്ചു.നീ ഇല്ലെങ്കി

-ൽ നമ്മൾ മനുഷ്യർ എന്തി
-നാണ്  ജീവിക്കുന്നത്.നീയും

,ചന്ദ്രനും,സൂര്യനും,ഞാനും
എല്ലാം പ്രകൃതിയിലെ ഒരു
ഭാഗമാണ്.ഇവരൊന്നുമില്ലെ
-ങ്കിൽആരും ഇല്ല എന്നാണ്.
നീ വിഷമിക്കേണ്ട.നിനക്ക് ഞാ
നുണ്ട്.നീ എന്നും ഇങ്ങനെ
വന്നാൽ മതി.എനിക്ക് എല്ലാ
-ത്തിനേക്കാളും ഇഷ്ടം നിന്നെയാണ്.
"ശരി ഞാൻ പോകുന്നു"
കാറ്റ് പറഞ്ഞു.
നീ പോയിട്ട് നാളെവാ....
എന്ന് കുട്ടിയും പറഞ്ഞു.
പിറ്റേ ദിവസം രാവിലെ കാറ്റ് വന്നു.കുട്ടിയെ
വിളിച്ചു.കുട്ടിയോട് പറഞ്ഞു.   "ഞാൻ ഇന്നലെ രാത്രിക്ക്
എന്നെപ്പറ്റി കുറേ ആലോചിച്ചു.
എനിക്ക് നീ പറഞ്ഞതെല്ലാം മനസ്സിലായി"
എന്റെ ജീവിതത്തിൽ നല്ലത് പറഞ്ഞ് തന്നത് നീ
മാത്രമാണ്.

ഞാൻ പ്രക്രുതിയിലെ ഒരു ഭാഗമാണെന്നും എന്നെ എല്ലാവർക്കും ആവശ്യമാണെന്നുമുള്ള എന്ന ചിന്ത എനിക്ക് ഉണ്ടായി.ഞാൻ എന്തിനാണ് നിന്നോട് ഇങ്ങനെയൊക്കെ പറഞ്ഞത് എന്ന കുറ്റബോധം എനിക്കിപ്പോൾ തോന്നുന്നുണ്ട്.

'കുട്ടി പറഞ്ഞു'

അതൊന്നും സാരമില്ല, നമ്മൾ കൂട്ടുകാരല്ലേ.എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കിത്തന്നതും, എന്നെ ജീവിതത്തിലേക്ക് നയിച്ചതും നീയാണ്'' എല്ലാത്തിനും നിന്നോട് ഞാൻ നന്ദിപറയുകയാണ്.അവസാനം അവർ രണ്ടുപേരും കളി
തമാശകൾ പറഞ്ഞ് അന്നത്തെ ദിവസത്തെ കളിതമാശകൾ പറഞ്ഞും പിരിഞ്ഞു.കുട്ടി വീട്ടിലേക്കും,കാറ്റ് പ്രക്രുതിയിലേക്കും മടങ്ങി.

# പുഴയഴക്

കള കള നാദത്തിൽ ഒഴുകുന്ന പുഴ
കള കള നാദത്തിൽ ഒഴുകുന്ന പുഴ
കല്ലുകളിൽ തല്ലി ഒഴുകുന്ന പുഴ
പ്രപഞ്ചമാകെ ഒഴുകുന്ന പുഴ
തുള്ളി കളിക്കുന്ന പുഴയഴക്
തുള്ളി കളിക്കുന്ന പുഴയഴക്



പുഴയുടെ കള കള നാദം കേൾക്കുമ്പോൾ
മധുരമായൊരു ഗാനം പോലെ (2)
തുള്ളി ചാടി കളിക്കുന്ന പുഴ
മീനുകൾ തുള്ളി കളിക്കുന്ന പുഴ

പാവങ്ങളുടെ ദാഹം അകറ്റുന്ന പുഴ
അഴകുള്ള അഴകുള്ള അഴകുള്ള പുഴ
സൗന്ദരടത്തിൽ ആറാടുന്ന പുഴ
തുള്ളികളായി പെയ്യുന്ന പുഴ
കള കള നാദത്തിൽ ഒഴുകുന്ന പുഴ
കള കള നാദത്തിൽ പാടുന്ന പുഴ
പ്രകൃതിടെ വരധാനമായൊരു പുഴ (2)
കള കള നാദത്തിലൊഴുകുന്ന പുഴ

കള കള നാദത്തിലൊഴുകുന്ന പുഴ
**മന്ത്രികമായുള്ളൊരു പുഴ (2)**

## എക്റ്

**വർഷ.കെ.ചന്ദ്രൻ**

അന്നൊരുഞായറാഴ്ച്ചയായിരുന്നു.പോരാത്തതിന് തോരാത്ത മഴയും.ബലിഷ്ഠമായ ഇരുകൈപ്പത്തികൾ കുട്ടിയടിക്കുന്നതുപ്പോലെ വീതിയേറിയ ഓരോ തുള്ളികളും ഭൂമിയോട് മന്ത്രിക്കുന്നുണ്ട്.എവിടെനിന്നോ ഓടിയെത്തി കിത്ക്കുന്ന കാറ്റിന്റെ അലർച്ച നാടെങ്ങും പരന്നു. നിർത്താത്ത ആ മഴയെ പിരാകുകയാണ് നാട്ടുകാർ.എന്നാലും തന്റെ വാശി അവിടെയുംജയിച്ചു.മഴ തുടർന്നു.ഞായറാഴ്ചയായതിനാൽ സ്കൂളിൽ പോകാനില്ലാത്തതു കൊണ്ട് അപ്പു വീട്ടിൽ സുഖമായി ഉറങ്ങി.എന്നാൽ അമ്പിളിക്ക് നവോദയ ട്യൂഷന് പോകണം.അവൾ അഞ്ചാംതരത്തിലാണ്

പഠിക്കുന്നത്.കുളിരേറിയ കാറ്റിന്റെ ഓരോ സ്പർശനവും അവളെ പിന്നോട്ട് വലിച്ചു.പഠിക്കാൻ മിടുക്കിയായതിനാൽ തന്റെ ജീവിതസാഹചര്യം നോക്കാതെ അമ്മ അവളെ ട്യൂഷന് ചേർത്തതാണ്.കിട്ടിയാൽ ഏറെകാലം അവൾ അവിടെ സുരക്ഷിതയായിരിക്കുമല്ലോ എന്നായിരുന്നു അമ്മയുടെ വാദം.അച്ഛൻ അവളെ വിട്ട്  പിരിഞ്ഞതിനുശേഷം അമ്മയുടെ എല്ലാ കഷ്ടപ്പാടുകളും കണ്ടറിഞ്ഞ അവൾ കുളിച്ചൊരുങ്ങി അമ്മയുടെ മൃതുലമായ കവിൾതടത്തെ സ്നേഹ ചുമ്പനങ്ങളാൽ തഴുകി പോകാൻ ഒരുങ്ങി.അപ്പോഴും മഴ തുടർന്നു.പഴകിയ കമ്പികളൊക്കെ തുരുമ്പു പിടിച്ച ആ കുട പൊളിയാതെ തുറന്ന് പഠനത്തിന്റെ ഓരോ വിഭവങ്ങളെ കുറിച്ച് നീണ്ടൊന്ന് ചിന്തിച്ച് ഇടവഴിയിലൂടെ അറിവിന്റെ വെളിച്ചം സൃഷ്ടിക്കാൻ അവൾ ഒരുങ്ങി.തികച്ചും മരങ്ങളാൽ ചുറ്റപ്പെട്ട ആ പ്രദേശത്തിന്റെ ഇരുട്ടിന്റെ ജാലകത്തിലൂടെ ആരോ ഏങ്ങിക്കരയുന്നതുപോലെ കണ്ണുനീർ ഉതിർന്നു.അത് അവളുടെ ഹൃദയത്തെ ദീർഘമായി സ്പർശിക്കുകയും ചെയ്തു.അവളുടെ അടുത്ത സുഹൃത്തായ മഹാഗണി

ഹരിതമനോഹരിയായി അകലെ നിന്ന് അവളുടെ ഓരോ ചലനങ്ങളും വീക്ഷിക്കുന്നത് ഏറെ കൗതുകകരമാണ്.കബനിയുടെ പ്രായം അവളെക്കാൾ കുറഞ്ഞതാണെങ്കിലും അമ്മ കഴിഞ്ഞ് അവളെ ഏറ്റവുമധികം ലാളിക്കുന്നത് ഇളംകാറ്റോടുകൂടി വീശുന്ന കബനിയുടെ കരങ്ങളാണ്.നിർത്താതെ പെയ്യുന്ന മഴയെ ഒട്ടുംത്തന്നെ കാര്യമാക്കാതെ കബനിയോട് കിനാരം പറഞ്ഞിരിക്കുകയാണ് അമ്പിളി.അതിനിടെ അർദ്ധനഗ്നനായി കുളിർന്ന് വിറച്ച് വരുന്ന നാണുവല്ല്യച്ഛനെ അവൾ കണ്ടത്..

"മോളെ നീ,എങ്ങോട്ടാ പോകുന്നേ ?"ട്യൂഷനാ,വല്ല്യച്ഛാ ... അവളുടെ മറുപടിയെ ഏറെ സ്വാധീനിച്ച് അയാൾ പറഞ്ഞു ."മഴ നല്ലോണം കൂടുകയാണ്. ബേകം നടന്നോ -..."



എല്ലാം കരുതലിന്റെ കരങ്ങളുടെ തണലാണെന്ന്
കരുതി അവൾ കഭനിക്ക് വാത്സല്യത്തിന്റെ ആലിംഗനം

സമ്മാനിച്ച് മഴയിൽ കുതിർന്ന ഉടുപ്പൊന്ന് കുടഞ്ഞ്
നടന്നകലുകയാണ്.ഇനിയും അരമൈൽ താണ്ടണം
അവളുടെ പഠനമുറിയെത്താൻ.നനഞ്ഞ ഉടുപ്പിന്റെ
മൃതുലമായ സ്പർശനം അവളെ ഏറെ
ലജ്ജാവതിയാക്കി.ഇരുചക്രങ്ങൾക്ക് മാത്രം
പ്രവേശിക്കാവുന്ന ആ വഴിയിലൂടെ കോട്ടും സൂട്ടും ധരിച്ച്
രണ്ട് യുവാക്കൾ ചക്രങ്ങൾ ഭൂമിയെ  ഉരസിക്കൊണ്ട്
നീങ്ങുകയാണ്.വാത്സല്യപൂരിതമായി ലളിതമായ
സ്വരത്താൽ അയാൾ പറഞ്ഞു.

“കേറുന്നോ മോളെ”....

കുട്ടിത്തത്തിന്റെ കുരുന്ന് സ്വരങ്ങളാൽ അവൾ
പറഞ്ഞു."ഇല്ല".

അവർ ഇരുവരും ഒട്ടുംതന്നെ നിർബന്ധിക്കാനും
ഒരുങ്ങിയില്ല.കഴുകന്റെ ദീർഘവീക്ഷണത്തോടെ
ചുവന്ന കണ്ണുകളാൽ പുകയുടെ ഗന്ധം
പുറന്തള്ളിക്കൊണ്ട് നിമിഷം ആ പൈതലിനെ

കണ്ണിടറാതെ നോക്കി.പിഞ്ചിളം മനസ്സിന്റെ ഭീതി അവളെ അപ്പോഴും അലടിയിരുന്നില്ല.എല്ലാത്തിനും അവൾക്ക് കരുത്തേകിയത് അമ്മയുടെ മൂർച്ചയേറിയ വാക്കുകളായിരുന്നു.നടക്കും വഴി  ആ

ഇരുചക്രവാഹനം  തിരിച്ച് അവൾക്കരികിലെത്തി. പിന്നീട്  ആ കുഞ്ഞിനെ പിന്തുടർന്നുകൊണ്ടേയിരുന്നു. മുഖം ഉയർത്താതെ ഇളം കാലുകൾ അകലെവച്ച് വേഗം നടക്കാൻ അവൾ ശ്രമിച്ചു.പിന്നീട് ഓടാനും ആരാണെന്നോ എന്താണെന്നോ അറിയാതെ പരിഭ്രാന്തിയായി.ബലിഷ്ഠമായ ഏതോ കൈ അവളെ സ്പർശിച്ചു .വിറച്ചു മരവിച്ചുപ്പോയ ആ പിഞ്ചിളം മനസ്സ് എന്തെന്നറിയാതെ കണ്ണുനീർ ചൊരിഞ്ഞു.ദൃക്സാക്ഷിയാകാൻ അവിടെ മരങ്ങളെ ഉണ്ടായിരുന്നുള്ളൂ.കുരുന്നിന്റെ വേദന കണ്ടറിഞ്ഞ മരങ്ങളൊക്കെ ശോകത്തോടെ 'ഒന്നും ചെയ്യരുതെ....'എന്ന് അപേക്ഷിക്കുകയാണ്.


ആ പൊന്നോമനയുടെ ശരീരത്തെ ലഹരിയുടെ ആഴങ്ങളിൽ മറന്ന് അവർ കേറിപ്പിടിച്ച് പിച്ചിതീന്തുകയാണ്.യമന്റെ കണ്ണുകളാൽ വീർപ്പുമുട്ടിക്കുന്ന നോട്ടം അപ്പോഴും ആ വഴിയരികിൽ

നിർത്താതെ തുടർന്നു.ഒന്നും ചെയ്യാനാവാതെ ഭൂമിയോട് സഹായം വെമ്പുന്ന ആ കുരുന്നിന്റെ കണ്ണുകളുടെ ചലനം ചിതയൊരുക്കാനുള്ള ഇവസാന മുന്നൊരുക്കമായി മാറിയിരുന്നു.അന്ത്യകൂദാശയായി എത്തിയ ആ പെരുമഴയിൽ അവൾ തനിച്ചായി,എന്നെന്നേക്കുമായി.....

* ** *** ****

# ജീവിതമെന്ന ദുഃസ്വപ്നം!

അയാൾക്ക് ഇന്നും സന്തോഷിക്കാൻ ഒരു വകയും ഇല്ലായിരുന്നു. ഐ.സി.യു- വിൽ നിന്ന് ഡോക്ടർ ഇറങ്ങുന്നതും കാത്ത് നിന്ന അയാളുടെ മുഖം വീണ്ടും നിരാശയിലേക്ക് താഴ്ന്നു. രണ്ടരവർഷം മുൻപ് അച്ഛനെ നഷ്ടപ്പെട്ട അയാൾക്ക് അമ്മയായിരുന്നു താങ്ങും തണലും. ആ അമ്മയാണ് ഇന്ന് കണ്ണ്



പോലും തുറക്കാതെ ആശുപത്രിക്കിടക്കയിൽ ഉള്ളത്. കുറേ കടംവാങ്ങിയിട്ടാണെങ്കിലും അച്ചൻ മരിക്കുന്നതിനു മുൻപ് പെങ്ങളുടെ കല്ല്യാണം നടത്തി.അ തിന്റെ തിരക്കിലായിരുന്നു അയാൾ. അമ്മയ്ക്ക് അയാളുടെ അവസ്ഥ കണ്ടിട്ടാ വാം ബി.പി കൂടിയത്.

അമ്മയ്ക്ക് വീട്ടിലിരുന്ന് മകനെ കുറിച്ചോർത്തത് ആവ ലാതി പിടിക്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിയില്ലല്ലോ. അങ്ങനെ ആ വലാതി പിടിച്ചിട്ടാണ് ഇന്ന് ഈ ഗതിയിൽ എത്തിയത്. അയാളുടെ മുഖം കുറ്റബോധത്തിനടിമയായി . ഇങ്ങനെയുള്ള ചിന്തകൾ മനസ്സിൻെറ അറയെ തട്ടിവിളിച്ചുകൊണ്ടിരുന്നു. പെട്ടന്നാണ് ഡോക്ടർ പുറത്തേക്ക് വന്നത്. ഒന്നും പറയാതെ പോകാനൊരുങ്ങിയ ഡോക്ടറെ തടഞ്ഞ് അയാൾ വിശയം തിരക്കി സ്ഥിരം പല്ലവി തന്നെ " ഇപ്പോൾ ഒന്നും പറയാറായിട്ടില്ല'

ഒബ്സേർവേഷനിലാണ്".അയാളുടെ

മുഖം വീണ്ടും താഴ്ന്നിരുന്നു പെട്ടന്ന് ഒരു വിളി. അത് അവിടത്തെ ഒരു സ്റ്റഫായിരുന്നു.



'സാർ പോയി വല്ലതും കഴിച്ചിട്ടു വരൂ' ഇന്നലെയും ഇതേ ഇരിപ്പായിരുന്നല്ലോ ' . അയാൾ ഒന്നും മറുപടി പറഞ്ഞില്ല .അയാളുടെ നിർബന്ധത്തിനു എഴുന്നേറ്റ് അയാൾ കാൻറീനിൽ ചെന്നിരുന്നു .ഒരു ഗ്ലാസ് ചായ മുന്നിൽ കൊണ്ടു വച്ചു . അയാളുടെ മനസ്സ് ഇവിടെയായിരു


ന്നില്ല . ചായയും ഉഴുന്നുവടയും മുന്നിലിരുന്നു . ആരുടേയോ ദീ-
ർഘപ്രയാണത്തിനൊടുവിൽ ഒരു കവിള്ച്ചായകുടിച്ചു.

അമ്മയുണ്ടാക്കുന്ന  ചായയുടെ അതേ രുചി. അയാൾ  തൻെറ
ബാല്യത്തിൻെറ മധുരം നുകരാൻ തുടങ്ങി. എത്ര തിരക്കിട്ടാണ്
രാവിലെ സ്കൂളിൽ പോകുന്നതെങ്കിലും അമ്മ ആ ചായകുടിക്കാ-
തെ വിടില്ല. ആ ചായ കുടിക്കാതെ ക്ലാസിലിരുന്നാൽ അയാൾ
ഉറങ്ങിപ്പോകുമെന്നായിരുന്നു അമ്മയുടെ പേടി. തന്നെ ഇത്രയും
അധികം ഓമനിച്ചു വളർത്തിയ അമ്മ ഇന്ന് നിശ്ചലാശുപത്രിയി-
ലാണ്.

അച്ചൻെറ മരണത്തിൽ പോലും അയാൾ ഇത്രയും സങ്ക-
ടപ്പെട്ടിട്ടില്ല. നഷ്ടങ്ങളുടെ കഥനകഥകൾ അയാളിൽ
വിരൽഞൊടിച്ചുകൊണ്ടിരുന്നു. തൻെറ അമ്മയ്ക്കുവേണ്ടി ഒരുനിമി-
ഷം അയാൾ കണ്ണടച്ചു പ്രാർചത്ഥിച്ചു. ഡോക്ടർ തന്നെ അന്വേ-
ഷിക്കുന്നുയെന്ന് അയാൾ കേട്ടു. ഡോക്ടറുടെ മുറിയിലേക്ക് അയാൾ
നടന്നു . അച്ഛൻെറ മരണവും ,പെങ്ങളുടെ ഭർത്താവിൻെറ
മാനസികപ്രശ്നങ്ങളു അവനെ അലട്ടി, ഇനി ഒരു
ദുരന്തം കൂടി താങ്ങാൻ അയാൾക്ക കഴിയില്ലായിരുന്നു . എന്നാലും
അയാൾ ധൈര്യം കൈവരിച്ചു. താൻ  അങ്ങോട്ടൊന്നും
ചോദിക്കുന്നതിനുമുൻപ് തന്നെ ഡോക്ടർ പറഞ്ഞു 'മരുന്നിനോടൊന്നും
അമ്മ പ്രതികരിക്കുന്നില്ല' എന്നാലും നിങ്ങൾ
പ്രാർത്ഥിക്കുക . ഇനി ദൈവത്തിനും മാത്രമേ എന്തെങ്കിലും ചെയ്യാൻ
കഴിയൂ. ‘താൻ പാതി ദൈവം പാതി എന്നാണല്ലോ '

പറഞ്ഞുതീരുന്നതിനു മുൻപുതന്നെ അയാൾ പുറത്തിറങ്ങി. ഇനി അയാളുടെ വേദനകളും ,ആവലാതികളും ഒന്നും കാണാൻ അമ്മയ്ക്ക് വയ്യായിരിക്കും .അയാൾ ചിന്തിച്ചു .അ-
തേ സമയത്താണ് അമ്മ കിടക്കുന്ന മുറിയിലേക്ക് കുറെ ഡോക്ടർമാർ പാഞ്ഞുകയറുന്നത്കണ്ടത്. കുറച്ചു സമയത്തിനുശേ-
ഷം ഒരു ഡോക്ടർ വന്ന് അയാളെ കൂട്ടികൊണ്ടുപോയി . എന്നി-
ട്ട് പറഞ്ഞു"ഞങ്ങൾ പരമാവധി ശ്രമിച്ചു പക്ഷേ , സോറി,സോറി"

അമ്മയ്ക്ക് ശ്വാസം എടുക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അതാണ് മരണകാരണം എന്ന് അയാളോട് പറഞ്ഞു. ഇനി തന്നെ ഒന്നു ആശ്വസിപ്പിക്കാൻ ആരുണ്ട്. തൻെറ ദുഖങ്ങളിലും , സുഖങ്ങളിലും പങ്കുചേരാൻ ഇനി ആരുണ്ട് അയാളുടെ ജീവിതത്തിൽ എല്ലാകാര്യങ്ങളും അമ്മയുടെ സാന്നിധ്യത്തിലായിരുന്നു. അയാളുടെ വിവാഹമായിരുന്നു അമ്മയുടെ അവസാനത്തെ ആഗ്രഹം




“താൻ ഇല്ലാതായാൽ പിന്നെ മോൻ എന്തു ചെയ്യും " എന്നായിരുന്നു അമ്മയുടെ പേടി . ഇനി ഏതൊരു പെണ്ണ് തൻെറ ജീവിതത്തിൽ വന്നാലും അമ്മയ്ക്ക് തുല്യമാകുമോ?

ഉണ്ടായിരുന്ന വീടും സ്ഥലവുമെല്ലാം കടക്കാർ കൊണ്ടുപോയി. ജോലിയും നഷ്ടപ്പെട്ട അനാഥനായി. നഷ്ടങ്ങൾ മാത്രം സംഭവിച്ച അയാളുടെ ജീവിതത്തെ പഴിച്ച്, ഒരു ദുസ്വപ്നത്തിൻെറ

കഥപോലെയുള്ള തൺെറ ജീവിതം അയാളെ വല്ലാതെ അലോസരപ്പെടുത്തി . അയാൾ വീണ്ടും ജീവിതയാത്ര തുടർന്ന, പുതിയ സംഭവവികാസങ്ങളുടെ മറനീക്കി അയാൾ തൺെറ നഷ്ടങ്ങളുടെ ഭാണ്ഡവും പേറികൊണ്ട് നടന്നകന്നു.

* * * * * * * *  *

# കൈ(വേലി)യേറ്റം

ശാന്തകുമാരി.കെ

നാക്കിന് വിലങ്ങ്
നാഭിക്ക് തൊഴി
ഉടുതുണി കീറിയ
ചന്തിക്ക് ചാട്ട.
മറ്റുള്ളവന് വിളമ്പുന്ന
ജീവിത മൂല്യങ്ങൾക്ക്
കവലയിൽ കയ്യടി
ക്ലാവുപിടിച്ച ബാല്യത്തിനും
അസ്ഥി ഭാരം പേറുന്ന
വാർധക്യത്തിനും
തണലിലൊരു കൂരയിട്ടാൽ
ഭൂമി കയ്യേറ്റം
റിസോർട്ടുകളുടെ
സുഖശീതളിമയിലേക്ക്
കൊള്ളാവുന്നവരുടെ
**വേലിയേറ്റം**

# सागर

जाकर सागर के तट पर देखो
विशालता कितनी है इसकी I

दूर- दूर देखने पर भी
कहीं न दिखता इसकी अंत I

लहरों का ये उमंग
दिलाती मन में साहस I

लेकिन भयानक होता है
कभी-कभी इसका रूप I



ऐसा भयानक हो जाता तो
कर देता है सब का नाश I

सागर की अपनी य़ही कहानी
दुहराती जो बार-बार I

बीनाकुमारी
HSA HINDI



## മടക്കം

ജ്യോതിലക്ഷ്മി.കെ

രാവിലെ നേരത്തെ എണീക്കണമെന്നൊന്നും തോന്നാറില്ല .പുതപ്പിനുള്ളിൽ നിന്നും തല പുറത്തേക്കിടാതെ സമയമിപ്പോൾ അഞ്ചു മണി.... അഞ്ചേ പത്ത്.... അഞ്ചേ ഇരുപത്തഞ്ചായിട്ടുണ്ടാകും എന്ന് ഇടക്കിടെ പറയുന്ന ഭർത്താവിനെ അവഗണിച്ച് ഒന്നുകൂടി തിരിഞ്ഞു കിടക്കും അവൾ.കഴിഞ്ഞ ഇരുപതു വർഷമായുള്ള ശീലം അതാണല്ലോ! രാത്രി വൈകി കിടക്കുന്നതുകൊണ്ടൊന്നുമല്ല. ആരോടും പകരം വീട്ടാനുമല്ല. കുട്ടിക്കാലം മുതൽ രാവിലെ നേരത്തേ എണീറ്റ് മുറ്റമടിച്ച് അടുപ്പിലെ വെണ്ണീര് വാരി തീ കത്തിച്ച് ചായ തിളപ്പിച്ച് അരി കഴുകി അരച്ച് അപ്പം ചുട്ട് എല്ലാവരെയും തീറ്റി താനും കഴിച്ച് ദിവസം തുടങ്ങുന്നവൾ തന്നെയായിരുന്നു.എന്നിട്ടും കഴിഞ്ഞ ഇരുപതു കൊല്ലത്തെ ശീലം ഇങ്ങനെ തന്നെ!എന്താ കാരണം എന്നൊന്നും ആരും അന്വേഷിക്കാറില്ല. ഇപ്പളും രാവിലെ പോകുന്നതിനു മുമ്പ് ചായയും പലഹാരവും എല്ലാവർക്കും കിട്ടുന്നുണ്ട്. പിന്നെന്തിന് അതിനൊക്കെ വേവലാതിപ്പെടണം എന്നാവും അവർക്ക്.ആട്ടുകല്ലുരകല്ലുരലെല്ലാം മിക്സിയിലേക്ക് മാറിയെന്ന് എല്ലാർക്കുമറിയാം. അല്ലെങ്കിലും അതിനൊക്കെ ആർക്കാണ് സമയം?

ഇടക്കെപ്പോഴെങ്കിലും ചുമ കുറഞ്ഞോ എന്ന് വഴിപോക്കരാരെങ്കിലും ചോദിക്കുന്നതു കേൾക്കാം. ഒരു ചിരിയിലൊതുങ്ങും മറുപടി.

സംസാരിക്കാനും അവൾ മറന്നു തുടങ്ങിയിട്ടുണ്ടാകുമോ? നിർത്താതെ സംസാരിക്കുമായിരുന്നു മുമ്പ് എപ്പോഴും.പ്രത്യേകിച്ചൊരു വിഷയവും വേണ്ടി

വരാറില്ല. പരിചയപ്പെടുന്നവരോടൊക്കപെട്ടെന്ന് അടുക്കും.പിന്നെ വീടായി വീട്ടുകാര്യമായി നാട്ടുകാര്യമായി .ഒന്നു മതിയാക്കിക്കൂടെ എന്ന് ആരെങ്കിലും ചോദിക്കും വരെ. നിങ്ങളിപ്പോൾ ചിന്തിക്കുന്നതെന്താണെന്ന് എനിക്കറിയാം ആരെക്കുറിച്ചാണ് ഞാനിങ്ങനെ പറയുന്നത് എന്നല്ലേ. മറ്റാരെക്കുറിച്ചുമല്ല എന്നെക്കുറിച്ചു തന്നെ. ഇതൊക്കെ ഇപ്പോ പറയുന്നതെന്തിനാണെന്നോ .ഞാൻ ഇരിക്കുന്നത് ഒരു കൗൺസിലിംഗ് മുറിയിലാണ്. അടുത്ത ഊഴം എന്റേതാണ്. അതിനകത്തു കയറുന്നതിനുമുമ്പ് എന്നെക്കുറിച്ച് ഇവിടെ വിവരിച്ച കാര്യങ്ങൾ ഇങ്ങനെയാവാമെന്ന് ' പറയാലോ വീട്ടിലേക്കുള്ള വഴി പോലും മറന്നിരുന്നു. കാത്തിരിക്കാൻ അച്ഛനുമമ്മയുമില്ലാത്തവർക്ക് ജനിച്ച വീട് വെറും സത്രമാണ്. എന്നിട്ടും ഞാനവിടെ പോയി ഒരു രാത്രി തങ്ങണം എന്നേ ഉണ്ടായിരുന്നുള്ളൂ. എല്ലാരെയും പോലെ എന്റെ വീട്ടിലെത്തിയപ്പോൾ ഞാനും പഴയ പാവാടക്കാരിയായി .എല്ലാവരെയും ഒന്നു കാണണംന്ന് തോന്നി. രാവിലെ എത്തിയപ്പോൾ മുതൽ ഓരോരുത്തരെയായി കാണാനിറങ്ങി. പുതിയ കുട്ടികൾക്കറിയില്ലെങ്കിലും അൻപതുകളിലെത്തിയവരാരും എന്നെ മറന്നിട്ടില്ല. എത്ര ദൂരമെത്തി എന്നറിയില്ല കാവിലെ കളിയാട്ടമാണ്. കളി പറഞ്ഞും ചിരിച്ചും നേരം പോയതറിഞ്ഞില്ല. കാവിൽ തിരഞ്ഞത് പ്രിയപ്പെട്ട കൂട്ടകാരിയെയായിരുന്നു. നാടുപേക്ഷിച്ചു പോയ അവളെവിടെയാണെന്ന് ആർക്കുമറിയില്ല എന്നു കേട്ടപ്പോൾ അവിടെ നിൽക്കാൻ തോന്നിയില്ല നേരെ താഴോട്ടിറങ്ങുമ്പോൾ കണ്ടത്തിലമ്മയുടെ അരുളപ്പാട് കേൾക്കുന്നുണ്ടായിരുന്നു എന്റെ മല്യോടൻ കാക്കും പൈതങ്ങളേ എന്ന്.ചെറുപ്പത്തിൽ നീന്തിത്തുടിച്ചു കളിച്ചകാപ്പും കുണ്ടിലെത്തിയപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു.നീരൊഴുക്ക് കുറഞ്ഞെങ്കിലും കാപ്പും കുണ്ടിലെ നിലയില്ലാക്കയത്തിൽ ഇപ്പോഴും വെള്ളമുണ്ട്. ആഴമെത്രയുണ്ടെന്ന് അറിയില്ല ' അടുക്കള കന്നിലമ്മയുടെ തിരുവാഭരണങ്ങ സൂക്ഷിച്ചിരിക്കുന്നതവിടെയാണത്രെ.കമ്മാടം കാവിലമ്മ കളിയാട്ടക്കാലത്ത് ക്ഷേത്ര മുറ്റത്തെ മണിക്കിണറിലെത്തി നോക്കുമ്പോൾ മാത്രമേ അവ കാണാറുള്ളു എന്ന് കേട്ടിട്ടുണ്ട്. എന്തോ എനിക്കൊന്ന് കയത്തിലിറങ്ങാൻ തോന്നി ഞാനെന്റെ പ്രിയ ചങ്ങാതിയെ ഓർത്തു പോയി എത്ര വട്ടം ഞങ്ങൾ

നീന്തിക്കയറിയിട്ടുണ്ടെന്നോ. അവളിപ്പോൾ എവിടെയാണെന്നറിയില്ല. എന്നാലും എന്റെ തൊട്ടടുത്തായി അവളുണ്ടെന്ന തോന്നൽ എന്നെ

സന്തോഷിപ്പിച്ചു.കയത്തിനുള്ളിൽ നിന്നും അവൾ വിളിക്കുകയാണ്. പഴയ വാശിക്കാരിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല നീന്തലെന്നോ മറന്നു പോയെന്നു കരുതിയ ഞാൻ വെള്ളത്തിനടിയിലേക്ക് ഊളിയിട്ടു. അത്രയേ ഉണ്ടായിരുന്നുള്ളൂ. മതിയാവോളം നീന്തിക്കയറുമ്പോൾ ഒരു വലിയ ആൾക്കൂട്ടം എനിക്ക് ചുറ്റും ഉണ്ടായിരുന്നു. .പിന്നെ എന്തൊക്കെയാണവിടെ നടന്നതെന്ന് എനിക്കറിയില്ല. ചുറ്റിലുമുള്ളവർ പലതും പറഞ്ഞു തുടങ്ങി.ഇതാരാ എന്നായിരുന്നു പലരും ചോദിച്ചത്. നമ്മുടെ രാധയല്ലേ.ആരോ പറയുന്നതു കേട്ടു ഇവളെപ്പഴാ വന്നത്.. ഇന്നലെ രാവിലെ. അത് ഏട്ടനായിരുന്നു വല്ലാത്ത പരവേശം ഏട്ടന്റെ സ്വരത്തിലുണ്ടായിരുന്നു ഇന്ന് കാവിൽവന്ന് തൊഴുതിട്ടു പോകും എന്നാണ് പറഞ്ഞത്. പിന്നെ അവളെങ്ങനെ ഇവിടെയെത്തി. എല്ലാം കാവിലമ്മയുടെ കളി. അല്ലെങ്കിലെന്തിനാ ഞാനിപ്പോ ഇങ്ങോട്ട് വന്നതും കയത്തിലേക്ക് നോക്കാൻ തോന്നിയതും. അപ്പുറത്തെ ചന്ദ്രേട്ടനാണ്. യുക്തിവാദിയായ ചന്ദ്രേട്ട നെപ്പോഴാണോ വിശ്വാസിയായത്. പക്ഷേ വെള്ളം കുടിച്ചിട്ടില്ല. രാധ പട്ടണത്തിലാണെങ്കിലും നീന്തൽ മറക്കാഞ്ഞത് നന്നായി. ആരാണത് പറഞ്ഞത് എന്ന് മനസ്സിലായില്ല. ആരോ ഒരു തോർത്ത് എന്റെ മേലേക്കിട്ടു. അവർക്കറിയില്ലല്ലോഇരുപതു വർഷങ്ങൾക്കിപ്പുറം ഞാനെന്റെ ശീലങ്ങളിലേക്ക് തിരിച്ചു വരികയാണെന്ന്.ധാരാളം സംസാരിക്കുന്ന കാലത്തുണരുന്ന ഞാനായി മാറാൻ എനിക്ക് മറ്റ് മാർഗങ്ങളൊന്നുമില്ലെന്ന്. പാവങ്ങൾ ഞാനാത്മഹത്യക്ക് ശ്രമിച്ചതാണെന്ന് കരുതിപ്പോയി. ഇപ്പോത്തന്നെ ഇവളുടെ വീട്ടിലറിയിക്കണം എന്ന് ആരോ ഓർമിപ്പിച്ചു. ഏയ് അതൊന്നും വേണ്ട.ഇത് നമ്മൾ മാത്രമറിഞ്ഞാൽ മതി. എന്റെ അപേക്ഷയാണ് 'ഏട്ടൻ കൈകൂപ്പി. പിന്നെ എങ്ങോട്ടോ നോക്കി പറഞ്ഞു നടക്ക് .തല കുനിച്ച് നടക്കുമ്പോൾ ആളുകൾ പലതും പറയുന്നുണ്ടായിരുന്നു. പിറ്റേ ദിവസം രാവിലെ ഞാൻ തിരിച്ചെത്തി. ഇരുപതു വർഷങ്ങൾക്കിപ്പുറം എന്നിലുണ്ടായ മാറ്റം അതാണിവരെ ഭയപ്പെടുത്തുന്നത്. ഇനിയെനിക്ക് പറയാനെത്രയുണ്ടാകുമെന്ന ഈ ഭയത്തിൽ നിന്നാണ് ഇന്നു രാവിലെ ഞങ്ങളുടെ പുതിയ വഴി തെളിഞ്ഞത്. ഇനിയിപ്പോൾ ഏതൊക്കെ

കുറുക്കുവഴികളിലൂടെ എന്റെ വായ് മൂടിക്കെട്ടാനുള്ള തന്ത്രങ്ങൾ മെനയണമെന്ന് ആലോചിക്കണമല്ലോ. ഞാനിങ്ങനെ നിർത്താതെ പറയുന്നതെന്താണെന്ന് അവരെപ്പോലെ നിങ്ങളും സംശയിക്കുന്നുണ്ടാവാം. ഒന്നും പറയാതെ കഴിഞ്ഞ ഇരുപതുവർഷക്കാലം കഴിഞ്ഞതോർക്കുമ്പോൾ ഉള്ളിൽ കുറ്റബോധം തോന്നുന്നു.എനിക്ക് മാത്രമല്ലേ അറിയൂ ഞാനനുഭവിച്ച സങ്കടങ്ങൾ .ഇപ്പോഎന്റെയുള്ളിലെ ഭാരമെല്ലാം ഇറക്കി വെക്കാൻ എനിക്ക് സാധിച്ചു എന്നത് തന്നെയാണ് ഈ മാറ്റത്തിന് കാരണം. ഒരു പക്ഷേ ഞാനവിടുന്ന് പുറത്തിറങ്ങിയിരുന്നില്ലെങ്കിൽ ഒരിക്കലും ഇത് സാധിക്കുമായിരുന്നില്ല. കാപ്പും കുണ്ടിലെ ആ ചുഴിക്കുള്ളിൽ ഒരു വേള താഴോട്ട് പോവുമായിരുന്ന എന്നെ ഉണർത്തിയത് എന്റെയുള്ളിലെ

തിരിച്ചറിവ് തന്നെ. എല്ലാ ദുരിതങ്ങളും അവസാനിപ്പിച്ച് സന്തോഷത്തിന്റെ നല്ല ദിനങ്ങൾ ഇനി വരുമെന്ന ഉൾത്തെളിച്ചത്തോടെ തിരിച്ചെത്തിയ എന്നെയാണിവർ മാനസികാരോഗ്യ വിദഗ്ധന്റെ അടുത്തേക്ക് കൊണ്ടു വന്നിരിക്കുന്നത്. നിങ്ങൾക്കറിയോ ഇന്നലെ എന്റെ മകൻ എന്നെ നോക്കി ചിരിച്ചു. അവനൊന്ന് ചിരിച്ചു കാണാൻ എത്ര കൊതിച്ചിരുന്നെന്നോ ഇപ്പൊ അവർക്ക് എന്നെ കാണുമ്പോൾ ചിരി വരുന്നു ചെറുപ്പത്തിൽ എത്ര കളി പറഞ്ഞു ചിരിപ്പിച്ചതായിരുന്നെന്നോ കണ്ണു നിറയും വരെ ചിരിച്ചു കൊണ്ടിരിക്കും.എനിക്ക് ചിരി വരുന്നുണ്ട്. നമ്മൾ പെണ്ണുങ്ങൾ ചിരിച്ചാലും കരഞ്ഞാലും ഇവർക്ക് സംശയമാണല്ലോ. നോക്കൂ. അടുത്ത ഊഴം എന്റേതാണ്.'എന്റെയുള്ളിലെ സന്തോഷമെല്ലാം അവരില്ലാതാക്കും. അതിനു മുമ്പേ ഞാനിറങ്ങുകയാണ്. അവരെന്നെ അന്വേഷിക്കും. നിങ്ങൾക്കറിയില്ലെന്നു പറഞ്ഞോളൂ. അല്ലെങ്കിൽ അവർ വീണ്ടും വരും. എന്റെ വഴികളിലേക്ക് '... ഞാനുപേക്ഷിച്ചു പോന്ന എന്റെ കിനാക്കളിലേക്ക് എനിക്ക് വഴി കണ്ടെത്തണം.

## ഭാരമായൊരാ ജീവിതം പേറി

അന്നൊരു വെള്ളിയാഴ്ച്ചയായിരുന്നു. പലരുടേയും സന്തോഷങ്ങളും സങ്കടങ്ങളും മരണവും ജനനവുമൊക്കെ സാക്ഷിയായ വെള്ളിയാഴ്ച്ച. ഉച്ചയായപ്പോൾ 'നന്ദനം' ബസ് കവലയിലെത്തി. ഈ കവലയിലേക്ക് വരുന്ന ഒരേയൊരു ബസ് 'നന്ദനം' ആയിരുന്നു.



“നാരാണേട്ടാ… ദേ ആരാ വരണേന്ന് നോക്കിയേ… ചായക്കടയിലെ നാണു വിളിച്ചു പറഞ്ഞു. ഹാ. ഇതു നമ്മുടെ

ജോസഫല്ലേ…എന്താണാവോ ഇന്ന് വിശേഷച്ച്…!” ജോസഫ് ബസ്സിൽ നിന്നിറങ്ങി പതിയെ ചായക്കടയിലെത്തി. കുറച്ച്

നിമിഷം ജോസഫ് ഒന്നും മിണ്ടാതെ ചായക്കടയിൽ തന്നെ ഇരുന്നു. കണ്ണുകൾ ആകെ കലങ്ങിയിരുന്നു.അയാളുടെ

കണ്ണിലൂടെ നോക്കുമ്പോൾ എന്തോ ഒന്ന് അയാളെ ഭയപ്പെടുത്തുന്നതായി ചായക്കടയിലെ ആളുകൾക്ക് തോന്നി.

“ജോസഫേ, എന്തിനാ നീ ഇങ്ങനെയൊക്കെ…!” പറയാൻ തോന്നിയ കാര്യം നാരാണേട്ടന് മുഴുമിപ്പിക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്കും ജോസഫിന്റെ കണ്ണീര് നിലത്ത് വീണിരുന്നു. "എന്തായാലും നീ വീട്ടിലേക്ക് ചെല്ല്…” നാരാണേട്ടന്റെ ആവശ്യം പ്രകാരം ജോസഫ് തന്റെ വീട്ടിലേക്ക് നടന്നു.

വളരെ കഷ്ടപ്പെട്ട് ജോസഫിന്റെ അപ്പൻ തന്റെ മക്കൾക്കും കുടുംബങ്ങൾക്കുമൊക്കെ താമസിക്കാനായി ഒരു ബംഗ്ലാവ് തന്നെ പണിതു. ഇഷ്ടം പോലെ സ്വത്തും ആവശ്യത്തിനു പണവും ആ ർഭാടകരമായ ജീവിതം. പക്ഷെ എല്ലാം ഒരു നിമിഷം കൊണ്ട് ചോർന്നുപോയി.

ജോസഫിന് രണ്ട് പെണ്ണുങ്ങളും രണ്ട് ആണുങ്ങളുമാരും ഉണ്ടായിരുന്നു. ചെറുപ്പം തൊട്ടേ തമ്മിൽ കളിയാക്കുകയും ദേഷ്യപ്പെട്ടും സ്നേഹിച്ചും

വളർന്നവരായിരുന്നു അവർ. രണ്ടു പെങ്ങമ്മാരെയും ജോസഫ് കെട്ടിച്ചു വിട്ടു. ആങ്ങളമാരാകട്ടെ ഭാര്യയും പിള്ളേരേം കൂട്ടി ഉള്ള സ്വത്തുക്കളെല്ലാം വാങ്ങി അവരവരുടെ പാട്ടിനു പോയി. അവസാനം ജോസഫും അപ്പനും അമ്മയും മാത്രം ബാക്കിയായി.

“ജോസേ നിനക്ക് പത്ത് മുപ്പതു വയസ്സായില്ല്യോ, നീ കൂടി പെണ്ണ് കെട്ടിയിരുന്നെങ്കി എനിക്ക് മനസ്സമാധാനത്തോടെ കണ്ണടക്കായിരുന്നു.” “അമ്മച്ചി എന്നാത്തിനാ ഓരോരു വേവലാതി പറയണേ.. പെണ്ണിനെ കെട്ടിയപ്പോ രണ്ടെണ്ണവും അവരുടെ പിന്നാലെ പോയി, ഒരിക്കലെങ്കിലും തിരിഞ്ഞ് നോക്കിയോ അവര്...!”

അതിനു ശേഷം അമ്മച്ചിയൊന്നും മിണ്ടാൻ ചെന്നില്ല. അടുത്തുണ്ടായിരുന്ന ബൈബിളെടുത്ത് അമ്മച്ചി വായിക്കാൻ തുടങ്ങി. വീട്ടിലെ പറമ്പ് മുഴുവനും അപ്പന്

മനപ്പാഠമാണ്. വീട്ടിൽ ഒരിക്കലെങ്കിലും വെറുതെയിരിക്കാൻ അപ്പൻ കൂട്ടാക്കുകയില്ല. എന്തൊക്കെയോ പിറുപിറുത്തികൊണ്ട് കിളയ്ക്കാൻ തുടങ്ങും.

ജോസഫിന് പട്ടണത്തിൽ ഒരു സ്വർണ്ണകടയുണ്ട്. പലപ്പോഴും ജോസ് വരുമ്പോൾ ഒരുപാട് വൈകും. നാരാണേട്ടന്റെ



LK

വീട് അടുത്തു തന്നെ ആയതിനാൽ ജോസഫിന് പേടിക്കേണ്ടതില്ല. നല്ല ലാഭത്തോടെ തന്നെ കട മുന്നോട്ടു നീങ്ങുന്നു.

ജോസഫിന്റെ കൂട്ടുകാരനായിരുന്നു ജോണി. അവനൊരു പെങ്ങളുണ്ട് ആനി.കണ്ടാൽ ഏതൊരാളും വീണുപോകും. അത്രയ്ക്ക് ഭംഗിയായിരുന്നു അവളെ കാണാൻ. പക്ഷെ ചെറുപ്പം തൊട്ടേ ആനിക്ക് ജോസഫിനെ ഭയങ്കര കാര്യമായിരുന്നു. എന്നാൽ ജോസഫാകട്ടെ ആ കാര്യം തിരിച്ചറിഞ്ഞില്ല.
"ജോസിച്ചായാ...!" മധുരമൂറുന്നതും മനസ്സിനെ കുളിർപ്പിക്കുന്നതുമായ ആ ശബ്ദം കേട്ട് ജോസഫ് തിരിഞ്ഞ് നോക്കി. നോക്കുമ്പോൾ അത് ആനിയായിരുന്നു. "എന്താ ആനി... നീ വളർന്ന് വല്യ പെണ്ണായല്ലോ...!" അവളുടെ കവിൾ നാണം കൊണ്ട് തുടുത്തു.
"ജോസേട്ടാ, എനിക്കൊരു കാര്യം പറയാനുണ്ട്." "എന്താണാവോ?" ഒരു പരിഹാസരൂപത്തിൽ ജോസഫ് ചോതിച്ചു. ആനി തന്റെ മനസ്സിൽ സൂക്ഷിച്ചിരുന്ന ഇഷ്ടം പുറത്തു പറഞ്ഞു. പക്ഷേ, ജോസഫിന്റെ മറുപടി മറ്റൊന്നായിരുന്നു. "ആനി, നീ എന്റെ ഉറ്റസുഹൃത്തിന്റെ പെങ്ങളാ...ഇനി ഇപ്പോ നമ്മൾ തമ്മിൽ ഇഷ്ടാന്ന് അവൻ അറിഞ്ഞാ പിന്നീടവനെന്നെ ശത്രുവായി കാണും. പോരാത്തതിന്, നിന്റെ വീട്ടുകാർ സമ്മതിക്കുമെന്ന് നിനക്ക് എന്താ ഇത്ര ഉറപ്പ് ! അതുകൊണ്ട് നമ്മൾ തമ്മിൽ ഇങ്ങനെയൊരു ബന്ധം വേണ്ട. " നേരത്തെ നാണം കൊണ്ട് തുടുത്ത അവളുടെ മുഖം പിന്നീട് സങ്കടം കൊണ്ട് ചുവന്ന് തുടുത്തു.

അന്ന് രാത്രി ജോസഫ് ഉറങ്ങിയില്ല. മനസ്സ് മുഴുവൻ രാവിലെ ആനി പറഞ്ഞ കാര്യങ്ങളായിരുന്നു. സത്യത്തിൽ ജോസഫിനും

ആനിയെ ഇഷ്ടമായിരുന്നു. പക്ഷ ആ ഇഷ്ടം തന്റെ സൗഹൃതത്തിന് തടസ്സമായിരിക്കുമെന്ന് കരുതി ജോസഫ് ആ ഇഷ്ടം വേണ്ടന്ന് വെച്ചു.

ഒരാഴ്ച്ച കഴ്ഞ്ഞപ്പോൾ. ജോസിന്റെ കടയിലേക്ക് ആനിയും കുടുംബവും ചെന്നു. "ജോസേ, ഇവളുടെ കല്യാണമങ്ങ് ഉറപ്പിച്ചു. ചെക്കനങ്ങ് വടക്കുന്നാ... നല്ല തങ്കം പോലത്തെ പയ്യൻ ഒരുമിച്ച് കോളേജിൽ പഠിച്ചതാത്രേ..." ആനി ജോസിന്റെ മുഖത്തേക്ക് നോക്കിയില്ല. ജോസിനാകട്ടെ തനിക്ക് ശ്വാസം മുട്ടുന്നതുപോലെ തോന്നി. "ജോണിക്കൊരേ നിർബന്ധം സ്വർണ്ണം നിന്റെ കടേന്ന് തന്നെ എടുക്കണംന്ന്. അതാ ഇവിടെ തന്നെ വന്നേ..!" താൻ അനുഭവിക്കുന്ന പ്രയാസങ്ങൾ ഉള്ളിലൊതുക്കി പുറമേ ചിരിച്ചുകൊണ്ട് ജോസഫ് പറഞ്ഞു. "നിങ്ങൾ വേണ്ടത് നോക്കിയെടുത്തോ, അവൾ എന്റേംകൂടി പെങ്ങളല്ലേ.!" അന്ന് ജോസഫ് വീട്ടിലേക്ക് വന്നില്ല. പിന്നീടവനെ ആ നാട്ടുകാർ കണ്ടത് ഇന്നുച്ചക്കായിരുന്നു. അതായത് രണ്ട് മാസത്തിനു ശേഷം.

## ಬೆಂಕಿಯಲ್ಲಿ ಅರಳಿದ ಹೂವು

ಮೂಡಣದಿ  ಅಂಬರದಿ ನೇಸರ ಏರಿ ಬಂದ.ಗೂಡುಗಳಲ್ಲಿರುವ ಪಕ್ಷಿಗಳು ಚಿಲಿಪಿಲಿ ಗುಟ್ಟುತ್ತಾ ಹರುಷದಿಂದ ಹಾರಾಡುತ್ತಿದ್ದುವು.
ಎಲ್ಲರ ಮನೆಯ ಅಂಗಳದಿ ರಂಗೋಲಿ ನಗೆ ಬೀರುತ್ತಿದ್ದುವು.ಸುಪ್ರಭಾತದ ಮಧುರ ಗಾನ ಮನ ಸೆಳೆಯುತ್ತಿತ್ತು.ಹೂವುಗಳು ಅರಳಿ ಸೂರ್ಯನನ್ನು ಸ್ವಾಗತಿಸುತ್ತಿದ್ದುವು. ಇಬ್ಬನಿಗಳು ಎಲೆಗಳಿಂದ ಜಾರಿ ಹೊಳೆಯುತ್ತಿತ್ತು. ಪ್ರಶಾಂತ ನಯನ ಮನೋಹರವಾದ ಮನದಲ್ಲಿ ಹಬ್ಬದ ಕುಷಿಕೊಡುವ ವಾತಾವರಣ.ಆದರೆ......."ಛಾಯಾ... ಛಾಯಾ ಏಳೇ.ಗಂಟೆ ಏಳಾಯ್ತು.ಸೂರ್ಯ ನೆತ್ತಿ ಮೇಲೆ ಬಂದ.'' ಎಂದು ಅಮ್ಮ ಅಡುಗೆ ಮನೆಯಿಂದಬಡಬಡಿಸುತ್ತಿದ್ದಳು. ನಿದ್ರಾದೇವಿಗೆ ಶರಣಾಗಿ  ಕನಸಿನ ಅರಮನೆಯನ್ನು ತನ್ನ ಮನದ ಗೋಡೆಯಲ್ಲಿ ಬಿಡಿಸುತ್ತಿದ್ದ   ಛಾಯಾ ತಕ್ಷಣ ಬೆಚ್ಚಿ ಬಿದ್ದು ಎದ್ದಳು. ಕಣ್ಣೊರೆಸಿಕೊಳ್ಳುತ್ತಾ ತನ್ನ ನಿತ್ಯಕರ್ಮಗಳನ್ನು ಮುಗಿಸಿ ಅಡುಗೆ ಮನೆಯತ್ತ ನಡೆದಳು. ಅಮ್ಮ ಪರಿತಪಿಸುತ್ತಾ "ಛಾಯಾ          ನನಗೆ ಸಮಯವಾಯಿತು.ನಾನು ಹೋಗುತ್ತೇನೆ.ಬೇಗ ಬೇಗ ಕೆಲಸ ಮುಗಿಸಿ ಶಾಲೆಗೆ ಹೋಗು ." ಎನ್ನುತ್ತಾ  ಹೊಸಲನ್ನು ದಾಟಿ ತಮ್ಮ ದಾರಿ ಹಿಡಿದರು.

ಮೂಡಣ ದಿಕ್ಕಿನ ಎಲ್ಲಾ ಮನೆಗಳಿಂದಲೂ ದೂರದಲ್ಲಿ ಒಂದು ಗುಡಿಸಲು,ಎರಡು ರೂಮುಗಳಿರುವ ಒಂದು ಪುಟ್ಟ ಗುಡಿಸಲು, ಮಡಲಿನ ಮಾಡು.ಜೋರಾಗಿ ಗಾಳಿ ಬಂದರೆ ಹಾರಿ ಹೋಗುವಂತ ಗೋಡೆ. ಅಲ್ಲಿ ಭರವಸೆಯ ಎರಡು ಜೀವಗಳು.ಒಂದು ಛಾಯಾ. ಇನ್ನೊಂದು ಅವಳ ತಾಯಿ ಸೀತಾ.ಛಾಯಾ ಜನಿಸುವಾಗ ಅವಳ ತಂದೆ ತೀರಿ ಹೋಗಿದ್ದರು.ಹದಿಹರಯದ ಮಗುವಿನ ಭಾರ

ಸೀತಾಳ ಬೆನ್ನಗಲಿತ್ತು.ಸೀತಾ ಸಿರಿವಂತರ ಮನೆಯಲ್ಲಿ ಕೂಲಿ ಮಾಡಿ ತನ್ನ ಮಗಳನ್ನು ಸಾಕುತಿದ್ದಳು. ಇಂತಹ ಸಂದರ್ಭದಲ್ಲಿ ಛಾಯಾಳಿಗೆ ಓದಲು ಹೆಚ್ಚೇನು ಸಮಯವಿರಲಿಲ್ಲ.ಎಲ್ಲರು ರಜಾ ದಿನಗಳಲ್ಲಿ ಮಜಾ ಮಾಡಲು ಹೋದರೆ ಛಾಯಾ ಹಪ್ಪಳ ಮಾರಲು ಹೋಗುತಿದ್ದಳು.ಛಾಯಾ ಬುದ್ದಿವಂತೆ. ಆದರೆ ದುರಾದೃಷ್ಟ, ಆದರೆ ಅವಳ ಮುಖದಲ್ಲಿರುವ ಆ ಕಿರುನಗೆ, ತೇಜಸ್ಸು, ಬೆಳಕು. ಎಲ್ಲದಕ್ಕಿಂತ ಸಿರಿತನವುಳ್ಳದಾಗಿತ್ತು.ಈ ಎಲ್ಲಾ ಬೆಂಕಿಯಂತಹ ಕಷ್ಟಗಳ ನಡುವೆ ತಾನೂ ಅರಳಿ ತನ್ನ ತಾಯಿಯನ್ನೂ ನೋಡಿಕೊಳ್ಳಬೇಕೆಂಬ ಬೆಟ್ಟದಷ್ಟು ಆಸೆ ಹೊತ್ತು ಛಾಯಾ ದಿನಾಲೂ ಸತ್ತು ಬದುಕುತ್ತಿದ್ದಾಳೆ. ಈಗ ಅಂಗಡಿಯಲ್ಲಿ ತಿನಿಸಿ,ಧಾನ್ಯಗಳ ಬೆಲೆ ಏರಿದೆ.ಅಮ್ಮನ ಸಂಬಳ ಸಾಲದಾಯಿತು.ಛಾಯಾಳ ಹಪ್ಪಳವು ಈಗ ವ್ಯಾಪಾರವಾಗುತ್ತಿರಲಿಲ್ಲ.ಜೀವನ ಇನ್ನು ಕಷ್ಟವಾಯಿತು.

ಈಗ ಛಾಯಾ ಹತ್ತನೇ ತರಗತಿ.ಹೇಗಾದರೂ ಪಾಸಾಗಿ ಒಳ್ಳೆಯ ಕೆಲಸ ಹಿಡಿಯಬೇಕೆಂಬ ಹಂಬಲ. ನೋಡನೋಡುತ್ತಿದ್ದಂತೆ ಹತ್ತನೇ ತರಗತಿ ಕಳೆಯಿತು. ಉತ್ತಮ ಅಂಕಗಳೊಂದಿಗೆ ತೇರ್ಗಡೆಯಾದಳು.ಇನ್ನು ಕೆಲಸ ಹುಡುಕುವ ಜಂಜಾಟ. ಎಲ್ಲಾ ಕೆಲಸಗಳಿಗೂ ಛಾಯಾ ಅರ್ಹಳಾಗಿದ್ದಳು.ಆದರೆ ಲಂಚ ಎಂಬುದು ಕ್ಯಾನ್ಸರ್ ಇದ್ದಂತೆ. ಜಾಸ್ತಿಯಾಗುತ್ತೇ ಹೊರತು ಕಡಿಮೆಯಾಗಲ್ಲ.ಕೊನೆಗೂ ಸತತ ಪ್ರಯತ್ನದ ಬಳಿಕ ಒಂದು ಕೆಲಸ ಲಭಿಸಿತು.ಇನ್ನೇನು ಜೀವನದ ಕಷ್ಟಗಳು ಕಳೆದವು ಅನ್ನುವಷ್ಟರಲ್ಲಿ ತನ್ನ ತಾಯಿ ಕೊನೆ ಉಸಿರೆಳೆದರು.ಈಗ ಛಾಯಾ ಒಬ್ಬಂಟಿ.ಒಂಟಿ ಹೆಣ್ಣು ಸಮಾಜದ ಬಾಯಿಗೆ ಸಿಲುಕಿದರೆ ಹೇಳಬೇಕೇ? ಆದರೂ ಛಾಯಾ ತನ್ನ ತಾಯಿಯ ಆತ್ಮಕ್ಕಾದರೂ ಶಾಂತಿ ಸಿಗಲಿ ಎಂದು ನೆನಪಿನಲ್ಲೇ ಬದುಕ ತೊಡಗಿದಳು. ತನಗಿರುವ

ಕೆಲಸ ಉತ್ತಮವಾದುದರಿಂದ ಅವಳು ದಿನೇ ದಿನೇ ಸಿರಿವಂತಳಾಗ ತೊಡಗಿದಳು. ಈಗ ಕೈಗೊಂದು ಕಾಲಿಗೊಂದು ಆಳು. ಬೆಟ್ಟವೇ ತಲೆತಗ್ಗಿಸುವಂತ ಮನೆ. ಇಡೀ ಊರೇ ಅವಳನ್ನು ಹೊಗಳುತಿತ್ತು. ಕೊನೆಗೂ ಛಾಯಾ ಬೆಂಕಿಯಲ್ಲಿ ಅರಳಿ ತನ್ನ ಹಠವನ್ನು ಬಿಡದೆ ಗುರಿ ತಲುಪಿದಳು.

NAVYA G
9.K

## പ്രളയം ഭൂമിയില് കണ്ടെത്തല്

ഭൂമിയിൽ പ്രളയം കണ്ടെത്തി
നാടാകെ വെള്ളത്തിൽ ആയി പോയി
മനുഷ്യർ വെള്ളത്തിലും മണ്ണിനടിയിലുമായി
കേരളം പ്രളയത്തിൽ അകപ്പെട്ടു
എല്ലാ മനുഷ്യരും  ദുരിതത്തിലായി
അവരെ രക്ഷിക്കാൻ പോലീസും
പട്ടാളക്കാരും വന്നു
മനുഷ്യർ പകുതിയാൾ

ചത്തൊടുങ്ങി
തീവ്രമായ ഉരുൾപൊട്ടലും വെള്ളപൊക്കവും മനുഷ്യരെ
കൊണ്ടുപോയി
മനുഷ്യരുടെ വീടും സ്ഥലവും ഒലിച്ചുപോയി
രക്ഷിക്കണേ എന്ന് നിലവിളിക്കാൻ
പോലും അവർക്ക് കഴിഞ്ഞില്ല
പെട്ടെന്നുണ്ടായ പ്രളയത്തിൽ അവരുടെ

വീടും സ്ഥലവും ഒലിച്ചുപോയി
ആർമിക്കാർ പടയോടെ വന്നു
വള്ളത്തിൽ കയറ്റി രക്ഷിച്ചു

കേരളത്തെ രക്ഷിച്ച പൗരന്മാർ അവർ
മനുഷ്യരെ മുഖ്യമന്ത്രിയുടെ ദുരിധാശ്വാസ
നിധിയിലാക്കി
അവർക്ക് ഭക്ഷണം പോലും അവിടന്ന്
കഴിക്കാതെ

വീട് പോയതിൻെറ സങ്കടത്തിലായി
പലസ്ഥലത്തു നിന്ന് അവരെ
രക്ഷിക്കാൻ എത്തി

അവർക്ക് വേണ്ടത്ര ഭക്ഷണ-
സാധനങ്ങളും വസ്ത്രങ്ങളും നൽകി
അവർക്ക് വേണ്ടത്ര ധനസഹായം നൽകി
പതിനാലു ജില്ലയും മുങ്ങിപോയി
കേരള രണ്ടു വർഷമായി
ദുരിധം അനുഭവിക്കുന്നു
നമ്മുടെ ഭൂമിക്ക് എന്തുപറ്റി

പ്രളയം ഭൂമിയെ കൊണ്ടുപോകോ
പ്രളയം ഭൂമിയെ നശിപ്പിക്കോ

എന്താകുമെന്ന് നേരിൽ

കണ്ടറിയാം

## അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും

വിധുൻരാജ്.ടി

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.
അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പമരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.
ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെകുട്ടികൾ

വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ

അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന്ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു.
രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക്

തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പ് മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.

പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ

തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

## ശാസ്ത്രത്തിന്റെ മുന്നേറ്റം

അനന്യ സി 8 A

ലോകത്തിന്റെ അടിത്തറയിൽ നിന്നും ഉൽഭവിച്ച വന്ന ശാസ്ത്രം ഇപ്പോഴും ഇന്നീ ദിനങ്ങളിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്നു. ലോകത്തിന്റെ ' നാനാ ദിക്കിലും ശാസ്ത്രത്തിന്റെവഴി തെളിഞ്ഞു കൊണ്ടിരിക്കുകയാണ്. ഒരു യന്ത്രവൽകൃത ലോകത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. ദിനംപ്രതി ശാസ്ത്രജ്ഞന്മാരുടെ ചിന്തകൾ പെരുകുന്തോറും കണ്ടുപിടിത്തങ്ങളുടെ അഗ്നി ഉഗ്ര ശോഭയോടെ ജ്വലിക്കുകയാണ്. നമ്മുടെ നിത്യജീവിതത്തിലും ശാസ്ത്രം കടന്നുവരുന്നുണ്ട്.രാവും പകലും കടന്നുവരുന്നതിലും ശാസ്ത്രത്തിന് ഏറെ പങ്കുണ്ട്.ശാസ്ത്രത്തിന്റെ വഴിയിലേക്ക് തിരിയുന്നവർ അവർ ഇപ്പോൾ കണ്ടുപിടുത്തങ്ങളുടെ ഉന്നത സ്ഥാനങ്ങളിലാണ് നിലനിൽക്കുന്നത്.   മനുഷ്യരുടെ ഈ വക പ്രവർത്തനങ്ങൾ കാരണം ബഹിരാകാശത്ത് വരെ

മനുഷ്യരുടെ സാന്നിധ്യം ഉണ്ടായി വന്നു. ഭൂമിയിൽ
നടക്കുന്ന ദുരന്തത്തിലും ഓരോ ചലനങ്ങളിലും വരെ
ശാസ്ത്ര തത്വങ്ങൾ   നിലനിൽക്കുന്നുണ്ട്. ഇപ്പോഴും ഇന്നീ
ദിനങ്ങളിൽ ശാസ്ത്രത്തിൻറെ വഴി തിരോഭവിച്ചു
കൊണ്ടിരി ക്കുകയാണ്. ശാസ്ത്രത്തിന്റെയും
ശാസ്ത്രജ്ഞന്മാരുടെയും കണ്ടുപിടുത്തങ്ങളുടെ ഒരു
മഹാസാഗരമാണ് നമ്മുടെ ഭൂമി.

# ഇല വന്ന് മണ്ണിനെ തൊടുമ്പോൾ

ജ്യോതിലക്ഷ്മി.കെ

ഒരിലയ്ക്ക്
ഭൂമിയെത്തൊടാനെത്ര നേരം വേണം
മരത്തിനും മണ്ണിനുമിടയിലുള്ള
നേരമെത്രയാവാം
എങ്ങനെയായിരിക്കുമത് വീഴുക
മെല്ലെ മെല്ലെ കുരുന്നു തൂവൽ പോലെയോ
കനമുള്ള കല്ലിന്റെയൂക്കോടെയോ
എങ്ങനെയാവാം
അവസാനശ്വാസവും നിലച്ച്
പച്ചപ്പിന്റെയെല്ലാതെളിച്ചവുമസ്തമിച്ച്
ചുറ്റുമുള്ളതൊന്നും കാണാതെ
ആരോടുമൊന്നും പറയാതെയായിരിക്കുമോ
കുരുന്നു കഴുത്തിൽ ദംഷ്ട്രകളാഴ്ത്തിയ
പ്രകൃതിനീതിയോടെതിരിടാനാവാതെ
കണ്ണുകൾ ഇറുക്കിയടച്ച്
കുതിച്ചു ചാടിയതായിരിക്കുമോ
ഇലവന്ന് മണ്ണിനെ തൊട്ടുമ്പോൾ
അമ്മ കുഞ്ഞിനെയെന്നപോൽ

മാറോടടുക്കിപ്പിടിച്ചിരിക്കുമോ
മാറുപിളർന്നമ്മ മണ്ണിനാഴത്തിലേക്ക്
മൈഥിലിയെപ്പോലെ കാക്കുമോ

# നന്ദി

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കുന്നതിന്റെഭാഗമായി എല്ലാവിധ പിന്തുണയും
സഹായങ്ങളും തന്നവരെ നന്ദിയോടെ സ്മരിക്കുന്നു